**ശ്രദ്ധക്ഷണിക്കൽ**

## ലേബർ കോഡുകൾ പിൻവലിക്കാൻ കേന്ദ്രസർക്കാറിൽ സമ്മർദ്ദം ചെലുത്തൽ

ശ്രീ. പി. നന്ദകുമാർ: സർ, കേന്ദ്ര സർക്കാർ കൊണ്ടുവന്ന നാല് ലേബർ കോഡുകൾ പിൻവലിക്കണമെന്നും കേരളത്തിലെ തൊഴിലാളികൾക്ക് സംസ്ഥാനസർക്കാർ പരിരക്ഷ നൽകണമെന്നും ആവശ്യപ്പെട്ടാണ് എന്റെ ശ്രദ്ധക്ഷണിക്കൽ. കോർപ്പറേറ്റ് താൽപര്യം സംരക്ഷിക്കുന്നതിനുവേണ്ടി കടുത്ത തൊഴിൽ നിയമങ്ങൾ നടപ്പിലാക്കി തൊഴിലാളി ചൂഷണം നടത്താനും ഇതിനെ ചെറുക്കുന്ന ട്രേഡ് യൂണിയൻ സംഘടനകളെ അസ്ഥിരീകരിക്കാനും വേണ്ടിയാണ് ഈ കാടൻ നിയമം കേന്ദ്രസർക്കാർ കൊണ്ടുവന്നിട്ടുള്ളത്. ബ്രിട്ടീഷ് ആധിപത്യ ഇന്ത്യയിലും തുടർന്നങ്ങോട്ടും ഉജ്ജ്വലമായ സമരത്തിലൂടെയും ജീവത്യാഗത്തിലൂടെയും നേടിയെടുത്തതാണ് ഇന്ത്യയിലെ തൊഴിൽ നിയമങ്ങൾ. 29 നിയമങ്ങൾ ഏകീകരിച്ചാണ് 4 കോഡുകൾക്ക് രൂപം നൽകിയിട്ടുള്ളത്. വേതനചട്ടം, വ്യവസായ ചട്ടം, സാമൂഹ്യസുരക്ഷാചട്ടം, തൊഴിൽസുരക്ഷയും ആരോഗ്യവും തൊഴിൽ

സാഹചര്യവും എന്നിവയാണവ. ഈ നാല് ലേബർ കോഡുകളിൽ കോഡ് ഓൺ വേജസ് അതിഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. നിലവിലുള്ള നാല് നിയമങ്ങൾ ഒന്നാക്കി മാറ്റിയതാണ് കോഡ് ഓഫ് വേജസ്. വേതനം കണക്കാക്കുന്നതുസംബന്ധിച്ച് ഈ നിയമം മിനിമം വേതനം, ബോണസ്, ഓവർടൈം അലവൻസ് എന്നിവ ഉൾപ്പെടുന്നതാണ്. മിനിമം കൂലി നിശ്ചയിക്കുന്നതിന് മാനദണ്ഡം അട്ടിമറിച്ച് പതിനഞ്ചാം ലേബർ കോൺഫറൻസ് തീരുമാനവും 1992-ലെ സുപ്രീംകോടതി വിധിയും അട്ടിമറിച്ചു. ശ്രീ. നരേന്ദ്ര മോദി വന്നതിനുശേഷം ലേബർ കോൺഫറൻസ് വിളിച്ചിട്ടില്ല. ഇതിനു പുറമേ ദേശീയ ഫ്ലോർ വേജസ്സ് ഉൾപ്പെടുത്തിയിട്ടുണ്ട്. ദിവസ വേതനം 202 രൂപ മാത്രമാണ്. ബോണസ്, 10-ൽ കൂടുതൽ പേർ ജോലിചെയ്യുന്നവർക്ക് എന്ന് ഉയർത്തിയാൽ ഭൂരിഭക്ഷം തൊഴിലാളികൾക്കും അത് നഷ്ടപ്പെടും. ജോലി സമയം 12 മണിക്കൂർ വരെ എന്നാക്കുമ്പോൾ ഓവർ ടൈം ലഭിക്കുന്ന സാഹചര്യം ഇല്ലാതാകും. വ്യവസായം എന്ന നിയമം ചില സ്ഥാപനങ്ങൾ വ്യവസായം നിർവചനത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഉദാഹരണം ചാരിറ്റബൾ എന്ന പേര് പറഞ്ഞുകൊണ്ട് നടത്തുന്ന വിദ്യാഭ്യാസ

സ്ഥാപനങ്ങൾ, ആശുപത്രികൾ തുടങ്ങിയവ ഈ അവകാശങ്ങൾ നിഷേധിക്കുന്നു. പണിമുടക്കിന്റെ കർശനമായ നിബന്ധനകളാണ് ഏർപ്പെടുത്തിയിരിക്കുന്നത് ഏതെങ്കിലും തരത്തിലുള്ള കൺസിലേഷൻ നിലനിൽക്കുമ്പോൾ പണിമുടക്ക് പാടില്ല. അതെത്രനാൾ കൺസിലേഷൻ നീണ്ടുനിന്നാലും പണിമുടക്ക് അനുവദിക്കുന്നില്ല. തൊഴിലാളികൾക്ക് കടുത്ത ശിക്ഷയും ലഭിക്കും. ടി.യു. അംഗീകാരം റദ്ദാക്കാനുള്ള അവകാശവും നിയമത്തിലുണ്ട്. 300 വരെ തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനങ്ങൾ Lay off, retrenchment, closure എന്നിവയ്ക്ക് സർക്കാർ അംഗീകാരം വേണ്ട. ഇന്ന് 200 പേർ ജോലിചെയ്യുന്ന ഫാക്ടറി പൂട്ടി അത് നഷ്ടമാണെന്ന് പേരുപറഞ്ഞുകൊണ്ട് അത് ബാർ ഹോട്ടലുകളാക്കി മാറ്റുവാൻ മുതലാളിമാർക്ക് സാധിക്കുന്ന സഹായമാണ് ചെയ്തുകൊടുത്തിട്ടുള്ളത്. തൊഴിലാളികൾ എന്ന നിർവചനത്തിൽനിന്നും സ്കീം വർക്കേഴ്സിനെ ഒഴിവാക്കിയിരിക്കുകയാണ്. തൊഴിൽ നിയമങ്ങളുടെ ലംഘനം ഉണ്ടോയെന്ന് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥരുടെ അധികാരവും പരിമിധപ്പെടുത്തി. 'ഇൻസ്പെക്ടർ' എന്ന സ്ഥാനത്തിന് പകരം

'ഫെസിലിറ്റേറ്ററാണ്". ആർക്കാണിവർ സേവ ചെയ്യാൻ പോകുന്നതെന്ന് നമുക്ക് അറിയാമല്ലോ? സാമൂഹ്യസുരക്ഷ, അസംഘടിത മേഖലയിലെ ഭൂരിപക്ഷം തൊഴിലാളികളും നിയമപരിരക്ഷയിൽനിന്നും പുറത്താകും. നല്ലൊരു വിഭാഗം തൊഴിലാളികളും ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ്, മോട്ടോർ ട്രാൻസ്പോർട്ട്, മൈഗ്രന്റ് വർക്കേഴ്സ് തുടങ്ങിയ തൊഴിൽ മേഖലകളിലെ തൊഴിലാളികളുടെ കാര്യത്തിൽ ഇത് വ്യക്തമാണല്ലോ. അസന്ധുലിത മേഖലയിലെ തൊഴിലാളികൾക്ക് ലഭ്യമായ ആനുകൂല്യങ്ങൾ പോലും നഷ്ടപ്പെടും. ഇ.എസ്.ഐ. വിഹിതം സർക്കാർ നിശ്ചയിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. പി.എഫ് വിഹിതം 12 ൽ നിന്നും 10 ശതമാനമാക്കി കുറച്ചു. തൊഴിൽസുരക്ഷയും ആരോഗ്യവും തൊഴിൽ സാഹചര്യവും വ്യവസ്ഥ ചെയ്യുന്ന ചട്ടപ്രകാരം പത്തിൽ കൂടുതൽ തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനങ്ങൾക്ക് മാത്രമാണ് ആനുകൂല്യങ്ങൾ ലഭിക്കുക. 90 ശതമാനം തൊഴിലാളികളും ഈ കോഡിലെ വ്യവസ്ഥകൾക്ക് പുറത്താകും. കേന്ദ്രസർക്കാർ പാസ്സാക്കിയ തൊഴിലാളി ദ്രോഹമായ ഈ നാല് ചട്ടങ്ങളും പിൻവലിക്കണമെന്നാവശ്യപ്പെട്ട് 12-02-

2026-ന് കേന്ദ്ര ട്രേഡ് യൂണിയനുകളും ഫെഡറേഷനുകളും യോജിച്ചുകൊണ്ട് പണിമുടക്ക് നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. ഇന്ത്യയിലെ കർഷക ജനവിഭാഗവും പണിമുടക്കിന് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ കാടൻ നിയമം നടപ്പിലാക്കുന്നതോടെ, കേരളത്തിലെ വേജ് കോഡ് നടപ്പിലാക്കിക്കഴിഞ്ഞാൽ മിനിമം വേജസ് നിശ്ചയിച്ച 87 തൊഴിൽ മേഖലയിലെ മിനിമം വേജസ് അട്ടിമറിക്കപ്പെടും. സാമാന്യേന മെച്ചപ്പെട്ട വേതനം ലഭിക്കേണ്ട മേഖലയിലെ തൊഴിലാളികളുടെ വേതനം സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാരിന് പ്രത്യേകം നിയമം നടപ്പിലാക്കാൻ കഴിയുമോ? തൊഴിൽ സമയം 12 മണിക്കൂറാക്കി വർധിപ്പിച്ചത് കുറയ്ക്കാൻ സംസ്ഥാന സർക്കാരിന് റൂൾസ് കൊണ്ടുവരുവാൻ കഴിയുമോ? വേജ് കോഡിലെ വകുപ്പ് 2(m) പ്രകാരമുള്ള എസ്റ്റാബ്ലിഷ്മെന്റ് എന്ന നിർവചനത്തിൽനിന്നും സർക്കാർ സ്ഥാപനങ്ങളെ ഒഴിവാക്കാൻ വഴിയുണ്ടോയെന്ന് പരിശോധിക്കണം. തൊഴിൽ മേഖലയെയാകെ തകർക്കുന്ന വിധത്തിൽ തൊഴിലുറപ്പ് നിയമം അട്ടിമറിച്ചും കാർഷിക മേഖലയുടെ തകർച്ചയും രൂക്ഷമായ തൊഴിലില്ലായ്മയും സമ്പദ്ഘടനയെ

സാരമായി ബാധിച്ച ഘട്ടത്തിലാണ് തൊഴിൽമേഖലയെ ആകെ തകർക്കുന്ന വിധത്തിൽ കേന്ദ്രസർക്കാർ ഈ നാല് കോഡുകളും അടിച്ചേൽപ്പിക്കുന്നത്. കേന്ദ്രം കൊണ്ടുവന്ന പുതിയ വൈദ്യുതിനയം ഇന്ത്യയിലെ വ്യവസായ തൊഴിൽ മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. സാമാന്യജനങ്ങളുടെ ജീവിതവും തൊഴിലില്ലായ്മയും കൂടുതൽ രൂക്ഷതയിലേക്കാണ് എത്തിക്കാൻ പോകുന്നത്. ലേബർ കോഡുകൾ അടിച്ചേൽപ്പിച്ചുകഴിഞ്ഞാൽ പ്രതിസന്ധി രൂക്ഷമാകും. കോർപ്പറേറ്റുകൾക്കുവേണ്ടി കൊണ്ടുവന്ന ഈ കാടൻ നിയമം പിൻവലിക്കണമെന്ന് സംസ്ഥാനസർക്കാർ ആവശ്യപ്പെടണം. നേടിയെടുത്ത നേട്ടങ്ങൾ സംരക്ഷിക്കാനും കേരളത്തിലെ തൊഴിലാളികളുടെ അവകാശം സംരക്ഷിക്കുന്നതിനുംവേണ്ടി സംസ്ഥാനസർക്കാർ ശക്തമായി ഇടപെടണമെന്നും ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

**ലേബർ കോഡുകൾ പിൻവലിക്കാൻ കേന്ദ്രസർക്കാറിൽ സമ്മർദ്ദം ചെലുത്തൽ**

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട വിഷയമാണ്.

യഥാർഥത്തിൽ ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലാണ് സഭാ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമായി പ്രതിപക്ഷം ഇവിടെ അവതരിപ്പിക്കേണ്ടിയിരുന്നത്. ഇന്ത്യാരാജ്യത്തെ കോടിക്കണക്കിന് വരുന്ന തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നമാണ് ശ്രീ. പി. നന്ദകുമാർ ഇവിടെ അവതരിപ്പിച്ചത്. രാജ്യത്തെ തൊഴിലാളികളുടെ എല്ലാം അവകാശങ്ങളും ഹനിക്കുന്ന ലേബർ കോഡുകൾക്കെതിരെ ഇന്ത്യയിലെ തൊഴിലാളിവർഗ്ഗം യോജിച്ച പ്രക്ഷോഭത്തിലാണ്. രാജ്യത്ത് നിലവിലുണ്ടായിരുന്ന 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ചും കൂട്ടിചേർത്തുമാണ് നാല് ലേബർ കോഡുകൾ കേന്ദ്രസർക്കാർ രൂപം നൽകിയത്. മുൻകാലത്ത് തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കാനാണ് തൊഴിൽ നിയമങ്ങൾ കൊണ്ടുവന്നത്. തൊഴിലാളികൾ നടത്തിയ ധീരമായ സമരങ്ങളുടേയും പോരാട്ടങ്ങളുടേയും ഫലമായിട്ടാണ് ലോകത്ത് എല്ലാ രാജ്യങ്ങളിലും തൊഴിൽ നിയമം രൂപം കൊണ്ടത്. ILO-യുടെ ഒന്നാമത്തെ പ്രമാണത്തിൽ പ്രഖ്യാപിച്ചത്, ഒരു ദിവസം എട്ട് മണിക്കൂർ ജോലി എന്ന തത്വം പോലും ലേബർ കോഡ് നിഷേധിച്ചിരിക്കുകയാണ്. 1886-ൽ ചിക്കാഗോയിൽ

തൊഴിലാളികൾ ഉയർത്തിയ മുദ്രാവാക്യമാണ് എട്ട് മണിക്കൂർ ജോലി, എട്ട് മണിക്കൂർ വിനോദം, എട്ട് മണിക്കൂർ വിശ്രമം എന്നത്. ഈ മുദ്രാവാക്യം സാക്ഷാത്ക്കരിക്കുന്നതായിരുന്നു 1919-ലെ ILO പ്രമാണം. അതുപോലും നിരാകരിച്ച കേന്ദ്രസർക്കാരിന്റെ നടപടി എത്രമാത്രം അപരിഷ്കൃതമാണെന്ന് നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ വികസിപ്പിച്ച പശ്ചാത്തലത്തിൽ തൊഴിലാളികളുടെ തൊഴിൽ സമയം കുറയ്ക്കുന്ന നടപടികളാണ് പല വികസിത രാജ്യങ്ങളിലും കൈക്കൊള്ളുന്നത്. അപ്പോഴാണ് ഇന്ത്യയിലെ ഒരു ദിവസത്തെ തൊഴിൽ സമയം 12 മണിക്കൂറായി ദീർഘിപ്പിക്കാൻ നിയമം കൊണ്ടുവന്നതെന്ന് നാം ഓർക്കണം. പുതിയ കോഡിൽ മിനിമം വേജസിനുപുറമേ നാഷണൽ ഫ്ലോർ വേജസ് എന്ന പുതിയ വേതനതത്വം ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി നടത്തിയ പ്രസ്താവനയിൽ ഫ്ലോർ വേജസ് ദിവസം 202 രൂപയായിരിക്കുമെന്നാണ് പറഞ്ഞത്. ഒരു ദിവസത്തെ ജോലിക്ക് കുറഞ്ഞത് 700 രൂപയെങ്കിലും വേതനം വേണമെന്ന ആവശ്യം അട്ടിമറിച്ച് കേന്ദ്ര സർക്കാർ കോർപ്പറേറ്റ് സേവനം നടത്തുകയാണ്. നിലവിൽ കേന്ദ്രസർക്കാർ

കൊണ്ടുവന്ന ലേബർ കോഡുകൾ കേർപ്പറേറ്റുകളെ സഹായിക്കുന്ന രീതിയിലുള്ളതാണ്. തൊഴിലാളികളെ അടിമത്വത്തിന് സമാനമായ സാഹചര്യത്തിലേക്ക് തള്ളിവിടുന്ന ഈ കോഡ് പിൻവലിക്കേണ്ടതാണ്. തൊഴിലാളികൾക്ക് ലഭിച്ചുവരുന്ന മിനിമം വേതനം, ബോണസ്, പ്രോവിഡന്റ് ഫണ്ട് എന്നിവയെല്ലാം പുതിയ നിയമം വരുന്നതോടെ അനിശ്ചിതത്വത്തിലാകും. തൊഴിലാളികളുടെ ഏറ്റവും വലിയ ആയുധമായ സംഘടിക്കാനും സമരം ചെയ്യാനുമുള്ള അവകാശത്തിന്മേൽ ഈ നിയമം കടുത്ത നിയന്ത്രണമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. കേരളം മാതൃകാപരമായി നടപ്പിലാക്കുന്ന പല ക്ഷേമനിധിബോർഡുകളുടെയും പ്രവർത്തനത്തെയും സ്വതന്ത്രമായ നിലനിൽപ്പിനെയും ഈ നിയമം ബാധിക്കാനിടയുണ്ട്. കേന്ദ്രസർക്കാർ കൊണ്ടുവന്ന ലേബർ കോഡുകൾക്കെതിരെ ആദ്യം ശബ്ദമുയർത്തിയ സംസ്ഥാനം കേരളമാണ്. രാജ്യത്തെ ലക്ഷക്കണക്കിനുവരുന്ന സാധാരണക്കാരായ തൊഴിലാളികളുടെ ജീവിതത്തെ ഇരുട്ടിലാക്കുന്ന ലേബർകോഡ് ഭേദഗതിക്കെതിരെ കേരളസർക്കാർ ഒരു ലേബർ കോൺക്ലേവ് തന്നെ സംഘടിപ്പിച്ചു. പ്രസ്തുത

കോൺക്ലേവിൽ ദേശീയ ട്രേഡ് യൂണിയൻ നേതാക്കൻമാർ, നിയമജ്ഞൻമാർ, അക്കാദമിഷ്യന്മാർ, സാമൂഹ്യ പ്രവർത്തകർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. തൊഴിലാളി വിരുദ്ധ ലേബർ കോഡുകൾ പോലുള്ള എൽ.ഡി.എഫ് സർക്കാരിന്റെ നിലപാട് അർദ്ധശങ്കയ്ക്കിടയില്ലാത്ത വിധം വ്യക്തമാക്കുന്നതായിരുന്ന ലേബർ കോൺക്ലേവ് ഉദ്ഘാടനം ചെയ്തുകൊണ്ട് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസംഗം. ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയമാണ് തൊഴിൽ. സംസ്ഥാനത്ത് തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഭരണഘടന അനുശാസിക്കുന്ന എല്ലാ നടപടികളും സംസ്ഥാന സർക്കാർ കൈക്കൊള്ളും. കോൺക്ലേവിൽ ഉയർന്നുവന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഈ പാരമ്പര്യമുയർത്തിപ്പിടിച്ചുകൊണ്ട് മാത്രമേ കേരളസർക്കാർ മുന്നോട്ടുപോകു. കേരളം എല്ലായ്പ്പോഴും തൊഴിലാളിപക്ഷത്ത് നിൽക്കുന്ന സംസ്ഥാനമാണ്. തൊഴിലാളികളുടെ വിയർപ്പിന് അർഹമായ കൂലിയും അന്തസും ഉറപ്പാക്കുന്നതിന് കേരളം രാജ്യത്തിനുതന്നെ മാതൃകയാണ്. അതുകൊണ്ടുതന്നെ തൊഴിലാളി

വിരുദ്ധമായ ഈ കേന്ദ്രനിയമം റദ്ദുചെയ്യാനാവശ്യമായ എല്ലാ സമ്മർദ്ദവും കേന്ദ്രസർക്കാരിനുമേൽ ചെലുത്തുമെന്നും സർക്കാരിനുവേണ്ടി ഞാൻ ഉറപ്പുനൽകുകയാണ്.

ശ്രീ. പി. നന്ദകുമാർ: സർ, സംസ്ഥാന ഗവൺമെന്റ് റൂൾസ് നടപ്പാക്കുന്ന ഘട്ടത്തിൽ കേരളത്തിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, തൊഴിലാളി വിരുദ്ധമായിട്ടുള്ള നടപടികൾ ഒരു കാരണവശാലും സംസ്ഥാന ഗവൺമെന്റ് എടുക്കില്ലായെന്ന് സംസ്ഥാനത്തെ മുഖ്യമന്ത്രിതന്നെ ലേബർ വകുപ്പ് സംഘടിപ്പിച്ച കോൺക്ലേവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ കേന്ദ്രസർക്കാർ തൊഴിലാളി വിരുദ്ധ നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ബജറ്റിലായാലും മറ്റ് പ്രഖ്യാപനങ്ങളിലായാലും തൊഴിലാളികൾക്ക് അനുകൂലമായൊരു നിലപാട് സ്വീകരിക്കുന്നതിന് തയ്യാറാകുന്നില്ല. സംസ്ഥാന സർക്കാരിനെ

സംബന്ധിച്ചിടത്തോളം തൊഴിലാളിവിരുദ്ധ നയം സ്വീകരിക്കില്ലായെന്ന് ഇവിടെ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(ശ്രീമതി കെ. കെ. രമ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ഓർഡർ... ഓർഡർ.. പ്ലീസ്.. അവിടെ ഇരിക്കണം, പ്ലീസ്... എല്ലാവരും സഹകരിക്കണം. പ്ലീസ്.. (ബഹളം)